# വെളിച്ചെണ്ണവില കുറയുന്നു

എം.ഡി.വർഗീസ്

കൊച്ചി: കൊപ്രയുടെ വിപണിവില താങ്ങുവിലയെക്കാൾ കുറഞ്ഞു. വെളിച്ചെണ്ണ വിലയും അടിക്കടി താഴുന്നു. നാളികേരത്തിന്റെ മുഖ്യ വിളവെടുപ്പുകാലത്തെ വിലയിടിച്ചിൽ കൃഷിക്കാർക്കു കനത്ത തിരിച്ചടിയാവുകയാണ്.

കൊച്ചി ടെർമിനൽ വിപണിയിൽ കഴിഞ്ഞയാഴ്ച വില പ്രതിദിനം ക്വിന്റലിനു 100 രൂപ കണ്ടു കുറഞ്ഞ് 7,100 രൂപയിലെത്തി. തമിഴ്നാട്ടിലെ മുഖ്യ വിപണന കേന്ദ്രമായ കാങ്കയത്ത് 6,875 രൂപയാണ്. താങ്ങുവില ഈയിടെ മിൽ കൊപ്രയ്ക്ക് 5,100 രൂപയും ഉണ്ട കൊപ്രയ്ക്ക് 5,375 രൂപയുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ വിപണി വില മിൽ കൊപ്രയ്ക്കു 4,900 രൂപയായി. തമിഴ്നാട്ടിൽ ഇതു 4,700 രൂപയാണ്.

കഴിഞ്ഞ ഓണക്കാലത്ത് വെളിച്ചെണ്ണ വില കുത്തനെ ഉയർന്ന് ക്വിന്റലിനു 10,000 രൂപയ്ക്കു മുകളിലെത്തി റെക്കോർഡിട്ടു. ക്രിസ്മസ് വിപണിയിൽ ഇത് 8,000 രൂപയ്ക്കു മുകളിലായിരുന്നു. ഉരുളൻ തേങ്ങ ബംഗ്ലദേശിലേക്കും ഗൾഫ് രാജ്യങ്ങളിലേക്കും വൻതോതിൽ കയറ്റുമതി ചെയ്തതാണു വെളിച്ചെണ്ണ വില എക്കാലത്തെയും ഉയർന്ന തലത്തിലെത്തിച്ചത്. ശ്രീലങ്കയിൽ ഉൽപാദനം കുറഞ്ഞതിനെ തുടർന്നായിരുന്നു ഇന്ത്യയിൽ നിന്നുള്ള തേങ്ങയ്ക്ക് ആവശ്യം വർധിച്ചത്.

കേരളത്തിന്റെ വടക്കൻ ജില്ലകളിലും തമിഴ്നാട്ടിലും ഇക്കുറി തേങ്ങയുടെ ഉൽപാദനം കൂടിയിട്ടുണ്ട്. വരും നാളുകളിൽ കൊപ്രയുടെ വരവു മെച്ചപ്പെടുകയും ചെയ്യും. ഇതു വീണ്ടും വില കുറച്ചേക്കുമെന്ന ആശങ്ക ഉയർത്തുന്നുവെന്നു കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് തലത്ത് മുഹമ്മദ് ചൂണ്ടിക്കാട്ടി.

ഭക്ഷ്യ എണ്ണകൾക്കെല്ലാം പൊതുവെ വിലക്കുറവുണ്ട്. യൂറോപ്യൻ സാമ്പത്തിക പ്രതിസന്ധി, ആവശ്യം കുറച്ചേക്കുമെന്നാണു കണക്കുകൂട്ടൽ.

അതേസമയം, ബ്രസീൽ, അർജന്റീന തുടങ്ങിയ ദക്ഷിണ അമേരിക്കൻ രാജ്യങ്ങളിലെ കടുത്ത വരൾച്ച സോയാബീനിന്റെ ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന്റെ പേരിൽ, രാജ്യാന്തര വിപണിയിൽ പാമോയിലിന്റെ വില അൽപം മെച്ചപ്പെട്ടു. രൂപയുടെ മൂല്യം കൂടുന്നതു പാമോയിലിന്റെയും മറ്റു ഭക്ഷ്യ എണ്ണകളുടെയും ഇറക്കുമതിക്കു സഹായകമാകും. ആഭ്യന്തര വിപണിയിൽ പാമോയിലിന്റെ ചില്ലറ വില 70 രൂപയ്ക്കടുത്താണ്. പായ്ക്കറ്റിലാക്കി ബ്രാൻഡ് ചെയ്ത വെളിച്ചെണ്ണയ്ക്കു 100 രൂപയ്ക്കടുത്താണ്.



തമിഴ്നാട്ടിൽ നിന്ന്, കേരളത്തിലേക്കു വൻതോതിൽ വെളിച്ചെണ്ണ എത്തുന്നു. ശബരിമല തീർഥാടനകാലം കഴിയുന്നതോടെ സംസ്ഥാനത്ത് കൊപ്രയുടെ വരവും കൂടും. പക്ഷേ, ഇതിനനുസരിച്ച് വെളിച്ചെണ്ണയുടെ ആവശ്യം വർധിക്കുന്നില്ല. വ്യാവസായിക ആവശ്യത്തിനു കേരളത്തിൽനിന്നുള്ള വെളിച്ചെണ്ണയുടെ ഉപയോഗം ഗണ്യമായി കുറഞ്ഞു. ഉത്തരേന്ത്യൻ വിപണിയിലേക്കു മുഖ്യമായും കയറ്റുമതി ചെയ്യുന്നതു തമിഴ്നാട്ടിൽ നിന്നാണ്.

തേങ്ങയൊന്നിന് എട്ടു രൂപയ്ക്ക് താഴെ വരുന്നു. അതേസമയം, കരിക്കിനു വേനൽക്കാലമായതോടെ പ്രിയം കൂടി 20 രൂപയ്ക്കടുത്തെത്തി. കരിക്കിന്റെ ഉപയോഗം വർധിച്ചത്, കൊപ്രയുടെ ഉൽപാദനം കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഇളനീരിന്റെ ഉപയോഗം വർധിപ്പിക്കാൻ നാളികേര വികസന ബോർഡ് വിപുലമായ പ്രചാരണവും പ്രോൽസാഹനവും നൽകുന്നുണ്ട്. എന്നാൽ വിപണിവില ഇടിഞ്ഞിട്ടും കൊപ്രയ്ക്കു താങ്ങുവിലയ്ക്കു സംഭരിക്കാൻ സർക്കാർ ഏജൻസികൾ മുന്നോട്ടു വരാത്തതു കൃഷിക്കാരെ വിഷമത്തിലാക്കുന്നു.